പരമായി ദുർബലമായി പ്രഖ്യാപിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും വേണ്ടി സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി ഒരു ഉപദേശകസമിതി രൂപീകരിക്കാവുന്നതാണ്. ഈ സമിതിയുടെ ചെയർമാൻ മുഖ്യവനപാലകനായിരിക്കും. കൂടാതെ താഴെ പറയുന്നവർ അംഗങ്ങൾ ആയിരിക്കും.

1. കമ്മീഷണർ, ലാന്റ് റവന്യൂ അഥവാ അദ്ദേഹത്തിന്റെ പ്രതിനിധി

2. നിയമവകുപ്പു സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ

3. റവന്യൂ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ.

4. ഡയറക്ടർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി.

5. ഡയറക്ടർ, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ലാന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്.

6. ഡയറക്ടർ, ഭൂമി ശാസ്ത്ര പഠന കേന്ദ്രം, തിരുവനന്തപുരം

7. ഡയറക്ടർ, ജലവിഭവ വികസന ക്രമീകരണകേന്ദ്രം, കോഴിക്കോട്.

8. പ്രകൃതി സംരക്ഷണ രംഗത്തോ അല്ലെങ്കിൽ വനസംരക്ഷണ രംഗത്തോ പ്രവർത്തിക്കുന്ന മികച്ച സർക്കാരിതര സന്നദ്ധസംഘടനകളുടെ രണ്ടു പ്രതിനിധികൾ.

(സി) കർഷക സംഘടനകളുടെ പരാതി ലഭിച്ചിട്ടുണ്ട്. കർഷകർക്ക് ഈ ഓർഡിനൻസു മൂലം ദോഷം സംഭവിക്കുകയില്ല. ഓർഡിനൻസ് മൂലം സർക്കാരിൽ നിക്ഷിപ്തമാകുന്ന പ്രദേശങ്ങളുടെ സംരക്ഷണവും പരിപാലനവും മെച്ചപ്പടുന്നതു മൂലം മണ്ണൊലിപ്പു തടയുക, ജലസ്രോതസ്സുകളെ സംരക്ഷിക്കുക, കൂടുതൽ ജലം മണ്ണിലേയ്ക്ക് താഴ്ന്നിറങ്ങി ഭൂഗർഭജല നിരപ്പ് ഉയർത്തുക എന്നിവ കർഷകർക്ക് വളരെയധികം പ്രയോജനം സിദ്ധിക്കുന്ന പ്രവർത്തനങ്ങളാണ്.

(ഡി) ഈ ഓർഡിനസ് വഴി കർഷകരെ അനധികൃതമായി കുടിയിറക്കുമെന്ന ഭീഷണി ശരിയല്ല.

"ഗാന്ധിവനം" പ്രോജക്ടിന്റെ പണി

44 (999)ശ്രീ. നാലകത്തു സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ൽ ഭരണാനുമതി നൽകിയ "ഗാന്ധിവനം" പ്രോജക്ടിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനുവേണ്ടി എത്ര ഭൂമി വിലയക്കെടുത്തു; അതിന് വിലയായി എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ;

(സി) ഇനി എത്ര ഭൂമി കൂടി വേണ്ടി വരും; അത് വിലയ്ക്കെടുക്കാൻ വേണ്ട നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഭൂമിയുടെ വിലയ്ക്കായി നീക്കിവച്ച തുക ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രോജക്ടിനായുള്ള സ്ഥലമെടുപ്പ് ഇപ്പോൾ അവസാന ഘട്ടത്തിലാണ്.

(ബി) ഏകദേശം 415 ഏക്കർ ഭൂമി, 78/- ലക്ഷത്തോളം രൂപ ചെലവായിട്ടുണ്ട്.

(സി) ഇനി ഏകദേശം 185 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കാനുണ്ട്. അതിലേയ്ക്കായി കേരളം ലാന്റ് അക്വസിഷൻ ആക്ട് പ്രകാരം ആലപ്പുഴ ആർ.ഡി.ഒ. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ജില്ലാ കളക്ടറുടെ പക്കലുള്ള ലഭ്യമായ തുക ചെലവഴിക്കുന്നതാണ്.

ഫാം ഫോറസ്ട്രി നഴ്സറികൾ

45 (1000)ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. നാലകത്തു സൂപ്പി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഏൽപ്പിച്ച ഫാം ഫോറസ്ട്രി നഴ്സറികൾ നിർമ്മിക്കാൻ എത്ര പഞ്ചായത്തുകളെ തെരഞ്ഞെടുത്തു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പഞ്ചായത്തിനും ഇതിലേയ്ക്കായി എന്തു തുക വീതം നൽകി;

(സി) എത്ര പഞ്ചായത്തുകൾ തുക കൈപ്പറ്റി;

(ഡി) കൈപ്പറ്റിയ തുക ചെലവഴിച്ചത് സംബന്ധിച്ച് കണക്ക് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പദ്ധതി എത്രത്തോളം പൂർത്തീകരിച്ചുവെന്നു വ്യക്തമാക്കുമോ

(ഇ) കണക്ക് ഹാജരാക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 250 പഞ്ചായത്തുകളെ തെരഞ്ഞെടുത്തു.

(ബി) ഒരു ലക്ഷം രൂപ വീതം.

(സി) 170 പഞ്ചായത്തുകൾ തുക കൈപ്പറ്റിയിട്ടുണ്ട്..

(ഡി)&(ഇ) ചുരുക്കം ചില പഞ്ചായത്തുകൾ ഒഴികെ മറ്റു പഞ്ചായത്തുകൾ കണക്കുകളും പൂർത്തീകരണ റിപ്പോർട്ടുകളും സമർപ്പിച്ചിട്ടില്ല.

അനധികൃതമായി പട്ടയം നൽകിയവർക്കെതിരെ നടപടി

46(1001)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പേര്യ വില്ലേജിൽ പെട്ട സർവ്വേ നമ്പർ 88/1എ 3-ൽ പെട്ട വനത്തിൽ നിന്നും മരം വെട്ടിയത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly